# ആനയൂട്ട് : വെളിപ്പെടാത്ത പീഡനം


സുനിൽ.സി.എൻ.

കേരളത്തിലെ ക്ഷേത്രങ്ങളിൽ വ്യാപകമാകുന്ന ആനയൂട്ട് ആനകൾക്കു പീഡനമായി മാറുന്നതായി ആനപ്രേമി സംഘം സെക്രട്ടറി വെങ്കിടാചലം ചൂണ്ടിക്കാണിക്കുന്നു. ആനയെ മൃഗമായി വളരാൻ അനുവദിക്കാതെ മനുഷ്യനോ ദൈവമോ ആക്കി മാറ്റുന്നതിന്റെ ദൃഷ്ടാന്തമാണത്രെ ഇത്.

ആനക്ക് തികച്ചും അപരിചിതമായ ചടങ്ങാണ് ആനയൂട്ട്. സൂര്യൻ അസ്തമിച്ച ശേഷമേ ആനക്ക് ചോറു നൽകാറുള്ളൂ. ആനയൂട്ടിലാകട്ടെ രാവിലെ തന്നെ ചോറുരുള നൽകുന്നു. ആനയൂട്ട് നടക്കുന്ന എന്നതിനാൽ ആനക്ക് സ്വാഭാവികമായി ലഭിക്കേണ്ട ഭക്ഷണം ഈ ദിവസങ്ങളിൽ മുടങ്ങുകയും ചെയ്യുന്നു. ചോറുരുളക്കൊപ്പം നൽകുന്ന കൈതച്ചക്ക, പഴം, പൂക്കൾ എന്നിവയിലെ വിഷാംശം ആനയുടെ വയറിനു ദോഷം വരുത്തുക തന്നെ ചെയ്യും. വൻതോതിൽ ചോറിനൊപ്പം കുഴച്ചു നൽകുന്ന ശർക്കരയാകട്ടെ വായുകോപം ഉണ്ടാക്കുകയും ചെയ്യും.

ആനയൂട്ട് എന്നത് പരമ്പരാഗത ക്ഷേത്രാചാരമല്ല എന്നാണ് വാദിക്കപ്പെടുന്നത്. കേരളത്തിൽ ആനയൂട്ട് തുടങ്ങിയതിനു പിന്നിലെ കഥ അതിശയകരമാണെന്ന് ആനപ്രേമി സംഘം പറയുന്നു. 1982ലെ എഷ്യാഡ് ആണത്രേ ആനയൂട്ട് ഇവിടെ വ്യാപകമാക്കിയത്! ഡെൽഹിയിൽ സംഘടിപ്പിക്കപ്പെട്ട ഏഷ്യാഡിന്റെ ഉദ്ഘാടനചടങ്ങിൽ കേരളത്തിൽ നിന്നും 32 ആനകൾ പങ്കെടുത്തിരുന്നു. വേദിയിൽ അവ മൂത്രമൊഴിക്കാതിരിക്കാനും പിണ്ടമിടാതിരിക്കാനുമായി മരുന്നുകൾ കുത്തിവെച്ചതും കാലാവസ്ഥാമാറ്റങ്ങളും അവയുടെ വയറിനെ ദോഷകരമായി ബാധിച്ചു. ഇത് ദൈവകോപമായി വ്യാഖ്യാനിച്ചാണത്രെ ആനയൂട്ട് എന്ന പ്രതിവിധി നിർദ്ദേശിക്കപ്പെട്ടത്!

ആന മലയാളിക്കെന്നും ആവേശമായി മാറുന്നു എന്നും മലയാളികൾ ആനക്കമ്പക്കാരാണെന്നുമുള്ള വാദത്തിന്റെ പൊള്ളത്തരമാണ് ഇവിടെ വെളിപ്പെടുന്നത്. മനുഷ്യന്റെ സ്നേഹം ആനക്ക് ദുരന്തമായിത്തീരുന്ന അവസ്ഥ. വിശ്വാസത്തിന്റേയും ആചാരങ്ങളുടേയും പേരിൽ ആനകളെ ദുരിതത്തിന്റെ ആഴക്കയങ്ങളിൽ അകപ്പെടുത്തുകയാണ് മനുഷ്യൻ ചെയ്യുന്നത്.



ദേവന്റെ തിടമ്പേറ്റാൻ ഭാഗ്യം സിദ്ധിച്ച പുണ്യമൃഗമായി ആനയെ വാഴ്ത്തുമ്പോൾ ഒരു സാധുജീവിയോടുള്ള ക്രൂരത തുടർക്കഥയാകുന്നത് ഭക്തജനങ്ങൾ കാണാതെപോകുകയാണ്.